6
29/6/11

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം- സ്കൂളുകളിൽ മലയാളം ഒന്നാം ഭാഷയാക്കിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്

സ.ഉ.(എം.എസ്)നം. 148/11/പൊ.വി. തിരുവനന്തപുരം, തീയതി: 27.06.2011

---

പരാമർശം: 1) സംസ്ഥാനത്തെ വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി ഡയറക്ടറുടെ 24.01.11-ലെ കത്ത്.

2) സ.ഉ.(എം.എസ്)നം.17/11/പൊ.വി തിയ്യതി 31.01.11.

3) എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 26.02.11 -ലെ കത്ത്.

4) സ.ഉ.(എം.എസ്)നം. 103/11/പൊ.വി. തിയ്യതി 06.05.11.

## ഉത്തരവ്

സ്കൂളുകളിൽ മലയാള പഠനം നിർബന്ധിതമാക്കുന്നതിന് എസ്.സി.ഇ.ആർ.ടി സമർപ്പിച്ച പ്രായോഗിക നിർദ്ദേശങ്ങൾ നടപ്പിലാക്കികൊണ്ട് പരാമർശം 4 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാനത്തെ സ്കൂളുകളിൽ ഈ വർഷംതന്നെ മലയാളം ഒന്നാം ഭാഷയാക്കിക്കൊണ്ട് താഴെപറയും പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു .

1. സംസ്ഥാനത്തെ സ്കൂളുകളിൽ പത്താം ക്ലാസ്സുവരെ മലയാളം ഒന്നാം ഭാഷയായിരിക്കുന്നതാണ്.
2. കന്നട, തമിഴ് മുതലായവ മാതൃഭാഷയായുള്ള ഭാഷാന്യൂനപക്ഷ പ്രദേശങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് അവരവരുടെ മാതൃഭാഷ ഒന്നാം ഭാഷയായി പഠിക്കാനുള്ള നിലവിലുള്ള സംവിധാനം തുടരുന്നതാണ്. എന്നാൽ അവർ ഒന്നാം ഭാഷയുടെ രണ്ടാം പേപ്പറായി മലയാളം പഠിക്കേണ്ടതാണ്.
3. മുകളിൽ രണ്ടാമതായി പരാമർശിച്ചിരിക്കുന്ന സംവിധാനങ്ങൾ ഓറിയന്റൽ സ്കൂളുകളിലും തുടരുന്നതാണ്.

4. രാവിലെ സ്കൂൾ തുടങ്ങുന്നതിനുമുമ്പോ ഉച്ചക്കുള്ള ഇടവേള സമയത്തോ സ്കൂൾ അടയ്ക്കുന്ന സമയം ദീർഘിപ്പിച്ചോ ഐറ്റിയുടെ സമയം കുറയ്ക്കാതെ തന്നെ മലയാളം രണ്ടാംപേപ്പറിന്റെ വർദ്ധിപ്പിക്കുന്ന ഒരു പീരിയഡ് ക്രമീകരിക്കുന്നതാണ്. മലയാളത്തിനായി കണ്ടെത്തുന്ന ഇപ്രകാരമുള്ള അധിക പിരീഡുകൾ തസ്തിക നിർണ്ണയത്തിനായി കണക്കാക്കുന്നതല്ല.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
} പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) (എ & ഇ) കേരള, തിരുവനന്തപുരം.

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി തിരുവനന്തപുരം.

ഡയറക്ടർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസം, തിരുവനന്തപുരം.

ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം, തിരുവനന്തപുരം

സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ, എസ്.സി.ഇ.ആർ.ടി തിരുവനന്തപുരം.

പൊ.ഭ (എസ്സി) വകുപ്പ് (ഇനം നം.42 തിയ്യതി 01.06.2011 പ്രകാരം).

ഡയറക്ടർ, ഐടി @ സ്കൂൾ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും/ ഓഫീസർമാർക്കും

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്: ബഹു: വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ